മമ്പറം പാലം പുനർനിർമ്മിക്കാൻ നടപടി

118 [431] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മമ്പറംപാലം പുനർനിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) നിർമ്മാണപ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയും;

(സി) യാത്രാവാഹനങ്ങൾ കടന്നുപോകുന്നതിന് സൗകര്യപ്രദമായി കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പ് മുഖേന ജംഗാർ സൗകര്യമേർപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) പുനർനിർമ്മാണത്തിനാവശ്യമായ ഇൻവെസ്റ്റിഗേഷൻ നടപടികൾ നടന്നുവരുന്നു. നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ആരംഭിക്കാൻ കഴിയും.

(സി) ജങ്കാർ സർവീസ് ആരംഭിക്കുന്നതിനു വേണ്ടിയുള്ള സാദ്ധ്യതാപഠനം കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ നടത്തിക്കൊണ്ടിരിക്കുകയാണ്.

ചാത്തന്നൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണ ഉദ്ഘാടനം

119 [432] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിലെ നിർദ്ദിഷ്ട മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം ഏതു ഘട്ടം വരെയായി;

(ബി) പ്രസ്തുത സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന്റെ സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തിയതിന്റെ തുക നൽകിയോ; ഇല്ലെങ്കിൽ ആയത് എൽ.ബി.എസ്.-ന് നൽകുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദമായ ആർക്കിടെക്ചറൽ ഡ്രായിംഗ് തയ്യാറാക്കി വരുന്നു.

(ബി) ഇല്ല. തുക നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ മാങ്ങാട്ട് പറമ്പിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി നിർമ്മാണം പൂർത്തിയാക്കാൻ നടപടി

120 [433] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly